## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കായി സ്വയംപര്യാപ്ത ഗ്രാമം</u>

904 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' ജോസഫ് വാഴക്കൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര പട്ടികജാതി കോളനികൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ കോളനിക്കും എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

905 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 –ലെ സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ടുകാട് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഏജൻസിക്ക് ചുമതല നൽകിയിട്ടും യഥാസമയം നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഏജൻസികളോട് വിശദീകരണം തേടുമോയെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

906 ശ്രീ. എം.എ. ബേബി
,, ബി. സത്യൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര പട്ടികജാതി കോളനികൾ നവീകരിച്ചു എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശകലനം ചെയ്തിരുന്നോ;

(ഡി) ബജറ്റിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇതിനായി നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയാണെന്നറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>തകഴി അംബേദ്കർ കോളനിയിലെ പദ്ധതികൾ</u>

907 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത കോളനി പദ്ധതിയിൽ ഉൾപ്പെടുത്തി തകഴി അംബേദ്കർ കോളനിയിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തികരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികൾ കാലാവധി കഴിഞ്ഞും പൂർത്തിയാക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതി</u>

908 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി രൂപീകരിച്ച പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് ആരെയാണ് നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ കോളനികളിലും ഇതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നു വിശദീകരിക്കുമോ ;

(ഡി) ഓരോ പദ്ധതിയിലും ഇതേവരെ എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

2013 –14 സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനായി ചെലവഴിച്ച തുക

909 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 –14 സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനായി എന്തു തുക വീതം വിവിധ വകുപ്പുകൾക്കായി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക വീതം ഓരോ വകുപ്പും ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) 2013 –14 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി ക്ഷേമ ഫണ്ട് എത്ര തുക വീതം ചെലവഴിച്ചുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതി വികസന നയം</u>

910 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന നയത്തിന് കരട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പട്ടിക വിഭാഗക്കാർക്കായുള്ള ക്ഷേമവികസന പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നയത്തിന്റെ അന്തിമ രൂപം എന്ന് പുറപ്പെടുവിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**11.06.2014–ലെ മറുപടിക്ക്**

<u>പട്ടികജാതി വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി</u>
<u>വകയിരുത്തിയ തുക</u>

911 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 സാമ്പത്തി വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ 2014 മാർച്ച് 31 വരെ അനുവദിച്ച തുക എത്രയാണെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കാതിരുന്നെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ സമഗ്ര വികസനം</u>

912 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നതിനായി 2013-14 വർഷം സംസ്ഥാനത്ത് തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) ഈ കോളനികളിൽ എത്ര തുക വിനിയോഗിക്കുവാൻ തീരുമാനിച്ചുവെന്നും അതിൽ അനുവദിച്ച തുക എത്രയാണെന്നും എത്ര കോളനികളിൽ ലക്ഷ്യമിട്ട വികസന പദ്ധതികൾ പൂർത്തിയാക്കിയെന്നും വ്യക്തമാക്കാമോ;

(സി) ഇനി വികസനപദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത കോളനികൾ ഏതെല്ലാമാണെന്നും അവയുടെ നിർവ്വഹണ ഏജൻസികളുടെ വിശദാംങ്ങളും, എന്തുകൊണ്ടാണ് പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാത്തതെന്നുമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) മേൽ പറഞ്ഞ കോളനികളിലെ വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.06.2014–ലെ മറുപടിക്ക്**

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ</u>

913 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; 2009ന് ശേഷം ഇത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ ; ഏറ്റവും പുതിയ വിവരങ്ങൾ ജില്ല തിരിച്ചു ലഭ്യമാക്കുമോ ;

(ബി) ഭൂരഹിതരായ ഒരു പട്ടികജാതി കുടുംബത്തിന് എത്ര സെന്റു ഭൂമിയാണ് സർക്കാർ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സൗജന്യമായി ഭൂമി കണ്ടെത്തി നൽകുകയാണോ , ഭൂമി കണ്ടെത്താൻ ധനസഹായം അനുവദിക്കുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; ധനസഹായം നൽകുകയാണെങ്കിൽ എത്ര രൂപയാണ് നൽകുന്നതെന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യമായി ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ വിശദാംശങ്ങൾ ജില്ലതിരിച്ചു നൽകുമോ ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ഭൂരഹിത കേരളം പദ്ധതി</u>

914 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതിക്കാർ എത്ര പേരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഭൂരഹിത കേരളം പദ്ധതി പ്രകാരം അവരിൽ എത്ര പേർക്ക് ഭൂമി അനുവദിച്ചുവെന്നും അതിന്റെ വിശദാംശങ്ങളും ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) ഭൂരഹിതരായ എല്ലാ പട്ടികജാതി ജനതയ്ക്കും ഭൂമി വിതരണം ചെയിതിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർ</u>

915 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭവനരഹിതർ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ജില്ലതിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വിഭാഗങ്ങളുടെ ഭവനനിർമ്മാണ പദ്ധതിക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചതെന്നും ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ മൂന്ന് സാമ്പത്തികവർഷങ്ങളിൽ ഭവന നിർമ്മാണത്തിനുളള എത്ര അപേക്ഷകളാണ് ലഭിച്ചത്; അതിൽ എത്ര പേരെ തെരഞ്ഞെടുത്തുവെന്നും എത്ര പേർക്ക് പൂർണ്ണമായും തുക അനുവദിച്ചുവെന്നും എത്ര പേർ നിർമ്മാണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഭവനരഹിതരെ കണ്ടെത്തുന്നതിന് 2009-ന് ശേഷം സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഭവന നിർമ്മാണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുളള കണ്ടെത്തലുകൾ വിശദീകരിക്കുമോ;

(എഫ്) ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ധനസഹായം ഭവന നിർമ്മാണത്തിന് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച ധനസഹായവും, ചിലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ജി) പദ്ധതിയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ഇ–ഹൗസിംഗ് പദ്ധതി</u>

916 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ–ഹൗസിംഗ് പദ്ധതി പ്രകാരം 3.11.2010 മുതൽ ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഓരോ വർഷവും അനുവദിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാൻ അപേക്ഷകൾ ശേഷിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും</u>

917 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കേളനികളിൽ കുടിവെള്ളവും വൈദ്യുതിയും, കേരള വാട്ടർ അതോറിറ്റി മുഖാന്തിരവും കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖാന്തിരവും ലഭ്യമാക്കുന്നതിനായി കഴിഞ്ഞ അഞ്ചുവർഷക്കാലം, വകുപ്പ് ഓരോ വർഷവും ഡിപ്പോസിറ്റ് ചെയ്ത തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോസിറ്റിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പദ്ധതികൾക്കായി ആകെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിലെ തടസ്സങ്ങൾ വിവരിക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന -ക്ഷേമപ്രവര്‍ത്തനങ്ങള്‍ക്ക്</u>
<u>പ്രൊമോട്ടര്‍മാരുടെ പ്രവര്‍ത്തനം</u>

918 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വികസന-ക്ഷേമപ്രവര്‍ത്തനങ്ങള്‍ക്ക് സഹായകരമായിരുന്ന പ്രൊമോട്ടര്‍മാരുടെ പ്രവര്‍ത്തനം നിറുത്തലാക്കുകയോ ഇപ്പോള്‍ ലഭ്യമല്ലാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയുണ്ടോ ; എങ്കില്‍ അതിനുള്ള കാരണങ്ങള്‍ വിശദമാക്കുമോ ;

(ബി) എസ്.സി. പ്രൊമോട്ടര്‍മാരുടെ സേവനം ലഭ്യമല്ലാത്തതു കാരണം പട്ടികജാതി വികസന പ്രവര്‍ത്തനങ്ങളിലുണ്ടായിട്ടുള്ള തടസ്സങ്ങളെ സംബന്ധിച്ച പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ സംസ്ഥാനത്ത് മുന്‍കാലത്ത് നിലവിലുണ്ടായിരുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂര്‍ണ്ണമായും എസ്.സി. പ്രൊമോട്ടര്‍മാരെ നിയമിക്കുവാനും അവരുടെ സേവനം ഉറപ്പുവരുത്തുവാനും നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ബാലുശ്ശേരി മണ്ഡലത്തിലെ മാതൃകാ കോളനി വികസന പദ്ധതി</u>

919 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമ പഞ്ചായത്ത് വാഴോറ മല കോളനിയിൽ മാതൃകാ കോളനി വികസന പദ്ധതിയും കുടിവെള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം വകുപ്പ് മേധാവികൾക്ക് നൽകാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടികജാതി കോളനികൾ</u>

920 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ പട്ടികജാതിക്കാർക്കായുള്ള എത്ര സ്വയം പര്യാപ്ത കോളനികൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; എവിടെയൊക്കെ;

(ബി) പ്രസ്തുത കോളനികളുടെ പണികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) കരാർ പണികൾ ആരെയാണ് ഏൽപ്പിച്ചത്;

(ഡി) എന്തൊക്കെ പണികളാണ് ഇതിനായി നിശ്ചയിച്ചിട്ടുള്ളത്; ഇതേവരെ ചെയ്ത പണികളുടെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>'വിജ്ഞാൻ വാടി'</u>

921 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും വിനോദസ ഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് 'വിജ്ഞാൻവാടി' ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത 'വിജ്ഞാൻവാടി' കളിലൂടെ എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വിജ്ഞാൻവാടികളെ സർക്കാരിന്റെ അക്ഷയ സെന്ററുകളാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള എസ്. സി. പി. ഫണ്ട്**

922 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഏതൊക്കെ സമുദായങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രത്യേക ഘടകപദ്ധതി പ്രകാരം (എസ്.സി.പി) ജില്ലയ്ക്ക് ലഭിക്കുന്ന ഫണ്ടുകൾ എത്രയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗത്തിന് കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഫണ്ടുകൾ എത്രയാണെന്നും വിശദീകരിക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായ വിതരണം</u>

923 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന ചികിത്സാ ധനസഹായം യഥാസമയം ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയിലെ ചികിത്സാധനസഹായ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്നു വ്യകതമാക്കുമോ;

(സി) ശ്രീ. പനങ്ങാടൻ, സ/ഓ താറു, എരഞ്ഞിക്കൽ വളപ്പിൽ, ആനക്കര. പി.ഒ എന്നവർക്ക് 2013 ആഗസ്റ്റിൽ അനുവദിച്ച തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ശ്രീ. അയ്യപ്പൻ. പി.പി, പാറക്കുഴി പറമ്പിൽ, ആനക്കര. പി.ഒ എന്നവർക്ക് 2013 നവംബറിൽ പ്രത്യേകമായി അനുവദിച്ച ഒരു ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ചികിത്സാ ധനസഹായം</u>

924 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പുവഴി വിതരണം ചെയ്ത ചികിത്സാ ധനസഹായത്തുകയുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) വിവിധതരം രോഗങ്ങള്‍ക്ക് നല്‍കുന്ന തുകയുടെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) മിഷന്‍ 676 - പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്ഷേമ പദ്ധതികളെ കുറിച്ച് വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാധനസഹായം</u>

925 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാധനസഹായം ലഭിക്കുന്നതിന് ഏറെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി ചികിത്സാധനസഹായം ലഭ്യമാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശിക</u>

926 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ വായ്പാ കുടിശ്ശിക എഴുതിതള്ളുവാനുള്ള പദ്ധതി പ്രകാരം എത്ര പേരുടെ കുടിശ്ശിക എഴുതി തള്ളിയിട്ടുണ്ടെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് ധനസഹായം</u>

927 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രാജ്യത്തിന് പുറത്ത്പോയി പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര വിദ്യാർഥ്ഥികൾക്ക് ഇപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപയാണ് ധനസഹായമായി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) വിദേശത്ത് പോയി പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഗൈഡൻസ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പട്ടികവിഭാഗ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ്</u>

928 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല പഠനവകുപ്പുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർത്ഥികളുടെ ഫെലോഷിപ്പ് റിന്യുവൽ, ഫെലോഷിപ്പ് എന്നിവയ്ക്കായി 1.6.2013 മുതൽ 31.5.2014 വരെ ലഭിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ഏതുമാസം വരെയുള്ള സ്കോളർഷിപ്പ് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) സ്കോളർഷിപ്പ് നൽകാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം എത്രയെന്ന് പറയാമോ;

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പട്ടിക സമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ - സാമൂഹ്യ പുരോഗതി</u>

929 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക സമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ- സാമൂഹ്യ പുരോഗതി ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) പട്ടികസമുദായത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അവർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**പി.എച്ച്.ഡി ഗവേഷണ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഫെലോഷിപ്പ്**

930 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ എം.ഫിൽ പഠനം പൂർത്തിയാക്കി പി.എച്ച്.ഡി ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും അഞ്ച് വർഷക്കാലം ഫെലോഷിപ്പ് നൽകാൻ നിലവിൽ ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കാലിക്കറ്റ്, എം. ജി സർവ്വകലാശാലകളിലെ പ്രസ്തുത ഗവേഷണ വിദ്യാർത്ഥികൾക്ക് വകുപ്പിൽ നിന്നും എത്ര വർഷക്കാലത്തേയ്ക്കുള്ള ഫെലോഷിപ്പാണ് അനുവദിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് വിതരണം

931 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് വിതരണത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സ്റ്റൈപന്റ് വിതരണം ചെയ്യുന്ന രീതി വ്യക്തമാക്കുമോ; എത്ര മാസത്തെ സ്റ്റൈപന്റ് മുടക്കമുണ്ടെന്ന് അറിയിക്കുമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രഫഷണൽ കോഴ്സുകൾക്ക് ബുക്ക് ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം

932 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി യഥാസമയം സ്റ്റൈപ്പന്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>നാദാപുരം, മരുതോക്കര ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്കായി സ്കൂൾകെട്ടിടനിർമ്മാണം</u>

933 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോക്കര ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്കായി ഹോസ്റ്റൽ ഉൾപ്പെടെ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ആയതിന്റെ സർവ്വെ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം ഫയലുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>മൂന്നാറിലും–മറയൂരിലും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ</u>

934 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ, മറയൂർ എന്നീ സ്ഥലങ്ങളിൽ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കും പോസ്റ്റ്മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) നടപടി സ്വീകരിച്ചില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ്</u>

935 ശ്രീ. വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പിന്നോക്കവിഭാഗ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പിന്നോക്കവിഭാഗ ക്ഷേമ വകുപ്പിന്റെ കീഴിൽ ഏതെല്ലാം തലത്തിലാണ് ഓഫീസുകൾ തുടങ്ങാനുദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായവികസന വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസന നടപടികൾ</u>

936 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസന വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2013-14 വർഷം വിതരണം ചെയ്യുന്നിന് വകുപ്പിന് ലഭിച്ച തുക എത്രയെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(സി) 2013-14 വർഷത്തിൽ ഓരോ വകുപ്പിലുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**പിന്നോക്ക വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ പരിശീലനപരിപാടികൾ**

937 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്കാരായ യുവതീയുവാക്കൾക്ക് സർക്കാർ സർവ്വീസിലും ബാങ്കിംഗ് മേഖലയിലും സ്വകാര്യ മേഖലയിലും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>'കടൽ - മല - കായൽ മേഖലകളെ ബന്ധിപ്പിക്കുന്ന ടൂറിസം'</u>

938 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് എത്രത്തോളം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) കടൽ - മല - കായൽ മേഖലകളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് ടൂറിസം മേഖല ആകർഷകമാക്കാൻ നടപ്പു സാമ്പത്തിക വർഷം പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>ടൂറിസം പദ്ധതിനടത്തിപ്പിലെ മികവ്</u>

939 ശ്രീ. വി. റ്റി. ബൽറാം
ശ്രീ. വി.ഡി. സതീശൻ
ശ്രീ. എം.എ. വാഹീദ്
ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ പദ്ധതി നടത്തിപ്പിനാണ് മികവ് കാട്ടിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പുവഴി ഏതെല്ലാം വിനോദസഞ്ചാര മേഖലകൾക്കാണ് ഗുണം ലഭിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനു പദ്ധതികൾ</u>

940 ശ്രീ. ജി. സുധാകരൻ
,, പുരുഷൻ കടലുണ്ടി
,, എ. എം. ആരിഫ്
,, കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനു നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) അന്താരാഷ്ട്ര പ്രാധാന്യമുള്ള വിനോദസഞ്ചാരകേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി നടപ്പിലാക്കിയോ; വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഡ്രീം ഡീൽസ് പദ്ധതി</u>

941 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
" കെ. മുഹമ്മദുണ്ണി ഹാജി
" സി. മോയിൻ കുട്ടി
" എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതു ലക്ഷ്യമിട്ടുള്ള ഡ്രീം ഡീൽസ് പദ്ധതിക്ക് ലഭിക്കുന്ന പ്രതികരണം ഏതുവിധത്തിലുള്ളതാണെന്ന് വിശദമാക്കുമോ ;

(ബി) കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യേകതകൾ ആസ്വദിക്കാനായി വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ ; അതു സംബന്ധിച്ച വിശദവിവരം നല്കാമോ ;

(സി) മൺസൂൺ കാലത്ത് വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പുകൾ നൽകുന്നതിനും ഇതോടൊപ്പം പ്രത്യേക സംവിധാനം ഏർപ്പടുത്താൻ ശ്രദ്ധിക്കുമോ ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>സോഷ്യൽ ടൂറിസം പദ്ധതി</u>

942 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) അന്യം നിന്നു പോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാരൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നവർ ആരൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ജലവിമാന സർവ്വീസ് പദ്ധതി</u>

943 ശ്രീ. എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതുവഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

റെസ്പോൺസിബിൾ ടൂറിസം പദ്ധതി

944 ശ്രീ. ജോസഫ് വാഴക്കൽ
'' തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിന് ദേശീയ-അന്താരാഷ്ട്ര തലത്തിൽ എന്തെല്ലാം നേട്ടങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അംഗീകാരങ്ങൾ ലഭിക്കുവാൻ ഭരണതലത്തിൽ നടപടികൾ വിശദമാക്കുമോ;

(ഡി) ട്യൂറിസം മേഖലയിലെ മറ്റു പദ്ധതികൾക്ക് ഇതേ രീതിയിൽ അംഗീകാരങ്ങൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>സ്പൈഡഡ് റൂട്ട് പദ്ധതി</u>

945 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സ്പൈഡഡ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) വിനോദസഞ്ചാര വികസനത്തിന് പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>താനൂർ, ഒട്ടുമ്പ്രം ബീച്ച് ടൂറിസം പദ്ധതി</u>

946 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുമ്പ്രം ബീച്ച് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് രണ്ടാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപയാണ് ഇതിനായി നീക്കിവെച്ചിട്ടുള്ളത്;

(ഡി) വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നേട്ടങ്ങൾ</u>

947 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ എത്ര പേർക്ക് സമ്മാനങ്ങൾ നൽകിയെന്നത് ജില്ലതിരിച്ച് വ്യക്തമാക്കുമോ; എത്ര തുകയുടെ സമ്മാനങ്ങളാണ് വിതരണം ചെയ്തതെന്ന് വിശദമാക്കുമോ;

(ബി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കടലുകാണി ടൂറിസം പദ്ധതി</u>

948 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലുകാണി (പുളിമാത്ത് പഞ്ചായത്ത്) ടൂറിസം പദ്ധതി നടപ്പിലാക്കാനായി ആകെ എത്ര തുക അനുവദിച്ചിരുന്നുവെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായോയെന്നും പദ്ധതിയ്ക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്നും ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, നിർമ്മാണപ്രവർത്തനത്തിന് മേൽനോട്ടം വഹിച്ച ഏജൻസി ഏതാണെന്നും പദ്ധതിനടത്തിപ്പിന്റെ മേൽനോട്ടം ആർക്കു നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്നും, ഇതിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

'മീൻമുട്ടി വെള്ളച്ചാട്ടം'

949 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ കുമ്മിൾ ഗ്രാമപഞ്ചായത്തിലെ 'മീൻമുട്ടി വെള്ളച്ചാട്ടം' വിനോദസഞ്ചാര വകുപ്പ് ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള വികസന പദ്ധതിക്ക് ഭരണാനുമതി നൽകുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾ</u>

950 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിലെ പ്രധാന ടൂറിസം പദ്ധതികളായ പെരുന്തേനരുവി, മണിയാർ എന്നിവയുടെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കായി അനുവദിച്ച ഫണ്ട് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ പണികളാണ് ഇരുപദ്ധതികൾക്കുമായി ഇനിയും പൂത്തീകരിക്കാനുള്ളതെന്നും ആരൊക്കെയാണ് പദ്ധതികൾ കരാർ എടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പെരുന്തേനരുവി പദ്ധതിയുടെ നിർമ്മാണ കാലാവധി എന്നു
വരെയായിരുന്നു; പദ്ധതിയുടെ പണികൾ വൈകാനുണ്ടായ കാരണം വിശദമാക്കാമോ; തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ഡി) മണിയാർ ടൂറിസം പദ്ധതി മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ; മുടങ്ങിയ പണികൾ പൂർത്തിയാക്കാൻ എന്തു കാലതാമസം വരുമെന്നും പണികൾ പുനരാരംഭിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>സരയൂ ടൂറിസം പദ്ധതി</u>

951 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിൽ തൃപ്രയാറിൽ നിർമ്മാണപ്രവർത്തനം ഉദ്ഘാടനം ചെയ്ത് പ്രവൃത്തി മുടങ്ങിക്കിടക്കുന്ന സരയൂ ടൂറിസം പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ തൃശ്ശൂർ ഡി.റ്റി.പി.സി. സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(സി) പദ്ധതിക്ക് ആർക്കിയോളജിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ആർക്കിയോളജി അധികൃതർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഡി.റ്റി.പി.സി. സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; ഇതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ചിമ്മിനി ഡാം എക്കോ ടൂറിസം പദ്ധതി</u>

952 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഡാം എക്കോ ടൂറിസം പദ്ധതി നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) തടസ്സങ്ങൾ നീക്കി പദ്ധതിയുടെ പണി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>മലബാർ മഹോത്സവത്തിന്റെ ചെലവ്</u>

953 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മലബാർ മഹോത്സവത്തിൽ ഓരോ പരിപാടിക്കും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ പരിപാടിയിൽ അഴിമതി നടന്നെന്ന് ആരോപിച്ചുകൊണ്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെയുള്ള ഹൈഡൽ ടൂറിസം</u>

954 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെ ഹൈഡൽ ടൂറിസം വകുപ്പിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുമ്പോൾ നിയമനം നടത്തിയത് ശരിയാണോ;

(സി) ഹൈഡൽ ടൂറിസം വകുപ്പിൽ സതീഷ്കുമാർ എന്നയാളെ അസിസ്റ്റന്റ് കാഷ്യറായി നിയമിച്ചത് ഏത് മാനദണ്ഡം അനുസരിച്ചാണെന്നറിയിക്കുമോ;

(ഡി) ഇത്തരത്തിൽ നിയമനം നടത്തിയത് സർക്കാരിന്റെ അറിവോടെയാണോ; നിയമനം നടത്തിയതിന്റെ നടപടിക്കുറിപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത നിയമനം നടത്താൻ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ജി) ഇത്തരത്തിൽ നിയമനം നടത്തിയ ഡയറക്ടർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട് - ബാലുശ്ശേരി - വയലിട - കക്കയം ടൂറിസം കോറിഡോർ പദ്ധതി

955 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ**
**സഞ്ചാരവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കണയംകോട് - ബാലുശ്ശേരി - വയലിട - കക്കയം ടൂറിസം കോറിഡോർ പദ്ധതി നിർദ്ദേശം പരിഗണിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി വയലിടയിൽ ഹെലിപ്പാഡ് നിർമ്മിക്കുന്നതിന് ഭൂമി സൗജന്യമായി നൽകാമെന്നറിയിച്ച കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ബാലുശ്ശേരി കോട്ടയ്ക്ക് ദേശീയ ചരിത്രസ്മാരക പദവി ലഭിക്കുന്നതിന് പുരാവസ്തു വകുപ്പ് നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ബേക്കൽ ടൂറിസം പദ്ധതി വികസനം</u>

956 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേക്കൽ ടൂറിസം പദ്ധതി വികസനവുമായി ബന്ധപ്പെട്ട എന്തെങ്കിലും പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പദ്ധതികളുടെ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**11.06.2014–ലെ മറുപടിക്ക്**

<u>ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർ സ്ട്രിപ്പ്</u>

957 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാ നുമതി നൽകിയിട്ട് എത്ര വർഷമായെന്നു വ്യക്തമാക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ :

(ബി) ഈ പദ്ധതിക്ക് എത്ര ഏക്കർ സ്ഥലം വേണമെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇതിൽ എത്ര ഏക്കർ റവന്യൂ ഭൂമിയാണെന്നും എത്ര ഏക്കർ പ്രൈവറ്റ് ഭൂമിയാണെന്നും വ്യക്തമാക്കുമോ ;

(സി) സ്വകാര്യ ഭൂമിയും റവന്യൂ ഭൂമിയും ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രാഥമികാനുമതി നൽകിയതല്ലാതെ ഈ പദ്ധതിക്കു വേണ്ടി തുടർനടപടികൾ ഒന്നും ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 02.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.